# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 29

# വാർത്താക്കുറിപ്പ്

## ബി.കോം (പ്രൈവറ്റ്) പരീക്ഷകേന്ദ്രം പുനക്രമീകരിച്ചു

ജനുവരി 31ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾക്ക് പരുമല ഡി.ബി. പമ്പ കോളേജ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ച വിദ്യാർഥികൾക്ക് ഈ കോളേജ്തന്നെ പരീക്ഷകേന്ദ്രമായി പുനക്രമീകരിച്ചു. ഉപകേന്ദ്രങ്ങൾ ഉണ്ടായിരിക്കില്ല.

(പി.ആർ.ഒ/39/142/2020)

## പുതുക്കിയ പരീക്ഷ തീയതി

ജനുവരി 31ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.ടെക് (2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/മേഴ്സി ചാൻസ്) - മാസ് ട്രാൻസ്ഫർ ഓപ്പറേഷൻസ്-2 (സി.എച്ച്. 010 601) എന്ന പേപ്പറിന്റെ പരീക്ഷ ഫെബ്രുവരി 25ന് നടത്തുന്നതിന് പുതുക്കി നിശ്ചയിച്ചു. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/143/2020)

ജനുവരി 22ന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം) പരീക്ഷകൾ ഫെബ്രുവരി നാലിന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/144/2020)

## പ്രാക്ടിക്കൽ

2020 ജനുവരിയിൽ നടന്ന മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ്. പാർട്ട് ഒന്ന് മേഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി ആറുമുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/145/2020)

## രക്തസാക്ഷി ദിനം; മൗനാചരണം നടക്കും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരുടെ സ്മരണാർഥം ഇന്ന് (ജനുവരി 30) മഹാത്മാഗാന്ധി സർവകലാശാലയിൽ മൗനാചരണം നടക്കും. രാവിലെ 11 മുതൽ രണ്ടുമിനിറ്റാണ് മൗനാചരണം നടക്കുക.

(പി.ആർ.ഒ/39/146/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ